# കാണാൻ കഴിയാതെപോയ സൂര്യതേജസ്

## ഒരോർമ്മക്കുറിപ്പ്



**ഈ** കഴിഞ്ഞ ഫെബ്രുവരി 10 ന് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. കെ.എൻ. രാജിന്റെ ചരമവാർത്ത ചാനലുകളിലെ ഫ്ളാഷ് ന്യൂസുകളിലൂടെ അതീവ ദുഃഖത്തോടെയാണ് ഞാൻ കണ്ടത്. വർഷങ്ങൾക്കുമുമ്പ് ഒരു യാത്രാമദ്ധ്യേ ഡോ. കെ. എൻ. രാജ് എന്ന വ്യക്തിയെപ്പറ്റി 'ഫ്രണ്ട്ലൈൻ' എന്ന മാസികയിലൂടെയാണ് ഞാൻ ആദ്യമായി അറിയുന്നത്. ആ ലേഖനം അവസാനിക്കുന്നത് അദ്ദേഹവും മുൻ പ്ലാനിംഗ് കമ്മീഷണറായിരുന്ന ഹിതൻ ഭാട്യയുമായുണ്ടായ ഒരു സംഭാഷണം ഉദ്ധരിച്ചുകൊണ്ടായിരുന്നു. ഹിതൻ ഭാട്യ ഡോ. രാജിനോട് "You are such a great Economist, why do you look so humble? You don't look a great chap at all'' എന്നു പറഞ്ഞ അവസരത്തിൽ ഡോ. രാജ് അതിനു മറുപടിയായി പറഞ്ഞത് "Hiten, don't forget, I am also a toddy tapper'' എന്നായിരുന്നു. തമാശരൂപേണയാണ് അതു പറഞ്ഞതെങ്കിലും അദ്ദേഹം ഉന്നതങ്ങളിൽ വിഹരിച്ചിരുന്ന ഒരു തനി നാട്ടിൻപുറത്തുകാരനായ പച്ചയായ മനുഷ്യനായിരുന്നു. ദന്തഗോപുരവാസിയായ പണ്ഡിതനായിരുന്നില്ല.

ഈ ലേഖനം വായിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ ഞാൻ ശ്രമിച്ചു. അറിഞ്ഞിടത്തോളവും കേട്ടിടത്തോളവും അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം, വ്യക്തിജീവിതത്തിന്റെ ശുദ്ധി, വിനയം, എളിമ, പൂർണ്ണതയുള്ള പ്രയതനം എന്നിവ എനിക്കേറെ ആകർഷകമായി തോന്നി. അദ്ദേഹത്തെ നേരിൽ കാണണമെന്നും പരിചയപ്പെടണമെന്നും ഞാൻ അതിയായി ആഗ്രഹിച്ചു. പക്ഷെ നിർഭാഗ്യവശാൽ ആ ആഗ്രഹം നടന്നില്ല.

ഡൽഹി സർവ്വകലാശാലയുടെ വൈസ് ചാൻസിലർ എന്ന അതിവിശിഷ്ടമായ പദവിയിലിരിക്കുമ്പോഴാണ്, മുൻ മുഖ്യമന്ത്രി ശ്രീ. അച്യുതാനന്ദമേനോന്റെ അഭ്യർത്ഥനമാനിച്ച് സ്വന്തം നാടായ കേരളത്തിനുവേണ്ടി ആ പദവി ഉപേക്ഷിച്ച് തിരുവനന്തപുരത്ത് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് ആരംഭിച്ചത്.

ഇംഗ്ലണ്ടിൽനിന്നും ഉന്നത ബിരുദമെടുത്ത് ഇന്ത്യയിലെത്തിയ അദ്ദേഹം വെറും 26 വയസ്സുള്ളപ്പോഴാണ്, അന്ന് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന് സമീപത്ത് ഇന്ത്യയ്ക്ക് എന്തുകൊണ്ടാണ് "Slow growth in economy'' എന്നു സമർത്ഥിച്ചത്. ജവഹർലാൽ നെഹ്റു മുതൽ നരസിംഹറാവു വരെയുള്ള പ്രധാനമന്ത്രിമാരുടെ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു ഡോ. രാജ്. നെഹ്റുവും ഇന്ദിരാഗാന്ധിയും പലതവണ കേന്ദ്രമന്ത്രിസഭകളിൽ ചേരുവാനായി ക്ഷണിച്ചെങ്കിലും ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ജോലി അദ്ദേഹം രാജിവച്ചില്ല. അധ്യാപനമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടജോലി. അതിന്റെ ലാളിത്യമായിരുന്നു കേന്ദ്രമന്ത്രി പദവിയുടെ അധികാരത്തെക്കാൾ, ആകർഷകത്വത്തെക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്.

ഈ ലാളിത്യത്തെയാണ് ഞാൻ ആരാധിച്ചത്. അദ്ദേഹത്തോടൊപ്പം ഏതാനും നിമിഷങ്ങൾ ചെലവഴിക്കുക, അദ്ദേഹത്തെ അടുത്തുനിന്നറിയുക എന്ന എന്റെ ആഗ്രഹങ്ങളാണ്, സ്വപ്നങ്ങളാണ് കാലം അടർത്തിമാറ്റിയത്. .



ഈ മഹാപ്രതിഭയ്ക്ക്, ഈ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞന്, ഈ മഹാനായ അദ്ധ്യാപകന് എന്റെ ആയിരമായിരം പ്രണാമങ്ങൾ. ■

**കെ. മുരളീധരൻ**